**പതിമൂന്നാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)

**നാലാമത് റിപ്പോർട്ട്**

(2014 ഡിസംബർ 10-ാം തീയതി  സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2014

പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)

**നാലാമത് റിപ്പോർട്ട്**

**(35-ാം ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ച്)**

(2014 ഡിസംബർ 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1498/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 11 |
| അനുബന്ധം II | .. | 13 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസഫ് വാഴയ്ക്കൻ.

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ബി. സത്യൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. എം. ഷാജി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളം വേദിയാവുകയാണ്. 1987-നുശേഷം കേരളത്തിൽ വച്ച് നടക്കുന്ന ഈ ദേശീയ ഗെയിംസ് കായിക കേരളത്തിന് അഭിമാനകരമായ ഒന്നാണ്. 35-ാം ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-14), 5-2-2014-ന് അതിന്റെ മൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ 40 ശിപാർശകളിൽ ഒട്ടുമിക്കവയിലും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗെയിംസിനുള്ള മുന്നൊരുക്കങ്ങൾ സംബന്ധിച്ച് സമിതി നൽകിയ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 5-11-2014, 18-11-2014 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും കായിക യുവജനകാര്യ വകുപ്പ്, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രതിനിധികൾ എന്നിവരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ദേശീയ ഗെയിംസ് നടക്കുന്ന വിവിധ വേദികൾ സന്ദർശിക്കുകയും ചെയ്തു. ദേശീയ ഗെയിംസിനുള്ള ഒരുക്കങ്ങൾ വളരെ ദ്രുതഗതിയിൽ നടന്നുവരുന്നതായും ഇതിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഏറെ പുരോഗതി കൈവരിച്ചിട്ടുള്ളതായും സമിതി വിലയിരുത്തി. എങ്കിലും ദേശീയ ഗെയിംസ് ആരംഭിക്കുവാൻ വളരെ പരിമിതമായ ദിവസങ്ങൾ മാത്രം അവശേഷിക്കുന്ന ഈ സാഹചര്യത്തിൽ പല വേദികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം നല്ല രീതിയിൽ പൂർത്തിയാക്കുവാൻ കഴിയുമോ എന്ന് സമിതി ആശങ്കപ്പെടുന്നു. സമിതി നടത്തിയ പഠനം, തെളിവെടുപ്പ്, സന്ദർശനം എന്നിവയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഡിസംബർ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ഡിസംബർ 10.

**ജോസഫ് വാഴയ്ക്കൻ,**
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

35-ാമത് ദേശീയ ഗെയിംസിന് ആതിഥ്യമരുളാൻ 'ദൈവത്തിന്റെ സ്വന്തം നാട് ' ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടാം തവണയാണ് നമ്മുടെ സംസ്ഥാനം ദേശീയ ഗെയിംസിന് വേദിയാകുന്നത്. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ 35-ാം ദേശീയ ഗെയിംസ് നടത്തുന്നതാണെന്ന് ബഹു. കേന്ദ്ര കായിക വകുപ്പുമന്ത്രി ശ്രീ. സർബനന്ദ് സോനോവാൾ, 2014 ജൂൺ 26-ന് കേരള നിയമസഭാ മന്ദിരത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി, ഇതര മന്ത്രിമാർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലായി നടക്കുന്ന ഗെയിംസ് മത്സരങ്ങളിൽ 31 കായിക ഇനങ്ങളും കളരിപ്പയറ്റ്, വള്ളംകളി എന്നീ രണ്ടു പ്രദർശനഇനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റാണ് ദേശീയ ഗെയിംസിന്റെ മേൽനോട്ടം വഹിക്കുന്നത്. 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനരുദ്ധാരണവും 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽക്കാലിക നിർമ്മിതികളുമാണ് ഗെയിംസിന്റെ നടത്തിപ്പിനായി സജ്ജമാക്കുന്നത്. 2015 ജനുവരി 31-ന് ആരംഭിക്കുന്ന ദേശീയ ഗെയിംസിന്റെ എല്ലാവിധ ഒരുക്കങ്ങളും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ദേശീയ ഗെയിംസിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് 2013-ന്റെ തുടക്കത്തിൽത്തന്നെ പഠനം നടത്തുകയും ഇതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങൾ ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയും സംസ്ഥാനത്തെ വിവിധ ദേശീയ ഗെയിംസ് വേദികൾ സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച സമിതിയുടെ ശിപാർശകൾ (2011-14) കാലയളവിലെ സമിതിയുടെ മൂന്നാമതു റിപ്പോർട്ടായി 2014 ഫെബ്രുവരി 5-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്നും ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ സമിതി ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും ഗെയിംസിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കായിക-യുവജനകാര്യ വകുപ്പ്, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവയിലെ വിവിധ ഉദ്യോഗസ്ഥർ, വിവിധ കായിക സംഘടനാ ഭാരവാഹികൾ എന്നിവരിൽനിന്നും തെളിവെടുപ്പ് നടത്തുകയും വിവിധ ദേശീയ ഗെയിംസ് വേദികൾ സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയുമുണ്ടായി. സമിതിയുടെ പഠനം, സന്ദർശനം, തെളിവെടുപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

3. 2015-ലെ ദേശീയ ഗെയിംസിൽ അത്‌ലറ്റുകൾ ഉൾപ്പെടെ ഏകദേശം 12000-ത്തോളം താരങ്ങൾ പങ്കെടുക്കുന്നുണ്ട്. അവരിൽ ഭൂരിഭാഗത്തിനും തിരുവനന്തപുരത്താണ് താമസസൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. കായികതാരങ്ങളും ഒഫീഷ്യലുകളും വോളന്റിയർമാരുമായി ഏകദേശം 4750 പേർക്ക് താമസസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം

ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സമിതി നേരിട്ട് വിലയിരുത്തി. ഗെയിംസ് വില്ലേജിൽ 365 പ്രീ-ഫാബ് വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ഒരു വീട്ടിൽ പത്ത് അത്‌ലറ്റുകളും രണ്ട് ഉദ്യോഗസ്ഥരുമടക്കം പന്ത്രണ്ട് പേർക്ക് താമസിക്കാനുള്ള സൗകര്യമുണ്ട്. മൂന്ന് കിടപ്പുമുറികളും 6 ബാത്ത്‌റൂമുകളുമടങ്ങുന്ന എഴുന്നൂറ് ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്രസ്തുത വീടുകൾ എയർ കണ്ടീഷൻ ചെയ്തവയും പൊളിച്ച് മാറ്റാവുന്നവയുമാണ്. പത്ത് ലക്ഷം രൂപ വീതമാണ് ഓരോ കെട്ടിടത്തിന്റെയും നിർമ്മാണച്ചെലവ്. ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാവധാനത്തിലാണ് നടക്കുന്നതെന്ന് വിലയിരുത്തിയ സമിതി, ലാന്റ്സ്കേപ്പിന്റെയും റോഡിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

4. ഗെയിംസ് വില്ലേജിലെ വൈദ്യുതീകരണം, ജലവിതരണം, സ്വീവേജ്, കോംപൗണ്ട് വാൾ എന്നിവയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്നും വില്ലേജിനാവശ്യമായ ഫർണിഷിംഗ് സാധനങ്ങൾ വാങ്ങുന്നത്, ഖരമാലിന്യ സംസ്കരണം, ഫയർ സേഫ്റ്റിക്ക് വേണ്ടിയുള്ള പദ്ധതി എന്നിവ 2014 ഡിസംബറിൽത്തന്നെ പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. ദേശീയ ഗെയിംസിനുശേഷം പ്രീ-ഫാബ് ഹൗസിംഗ് യൂണിറ്റുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ സ്കൂളുകളിൽ കായിക താരങ്ങൾക്കുള്ള വിശ്രമമുറിയായും, കായിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും അംഗനവാടികൾക്കുമായി പുനഃസ്ഥാപിക്കണമെന്ന് സമിതി (2011-14)-യുടെ മൂന്നാമതു റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇതു സംബന്ധിച്ച് ജനപ്രതിനിധികളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിൽ 18-6-2014-ലെ G.O.(Rt.) No. 107/14/S&YA., 7-11-2014-ലെ G.O.(Rt.) No. 246/14/S&YA. എന്നീ നമ്പർ സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് (അനുബന്ധം I & II) പരാതികൾക്കിടവരാതെ തീർപ്പു കല്പിക്കണമെന്നും പ്രസ്തുത ഹൗസിംഗ് യൂണിറ്റുകൾ സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ഏതാണ്ട് അഞ്ഞൂറോളം പേർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാഡമിയിലെ ബി ബ്ലോക്കിലെ 71 മുറികളുടെ നവീകരണം പൂർത്തിയായതായും പ്രസ്തുത മുറികളിലോരോന്നിലും മൂന്ന് പേർക്ക് താമസിക്കാമെന്നും പോലീസ് അക്കാഡമിയിലെ ഗസ്റ്റ് ഹൗസും ഇതിനായി ഉപയോഗപ്പെടുത്താമെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇലക്ട്രിക് മെയിന്റനൻസ്, വാട്ടർ സപ്ലൈ, അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയ സമിതി, ഉദ്ഘാടന/സമാപന ചടങ്ങുകൾ നടക്കുന്ന ഓപ്പൺ ഗ്രൗണ്ടിന്റെയും ഗാലറിയുടെയും പണികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

8. കേരള സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 161 കോടി രൂപ ചെലവിൽ ഡി.ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയം പതിനഞ്ച് വർഷങ്ങൾക്ക് ശേഷം യൂണിവേഴ്സിറ്റിക്ക് വിട്ടുനൽകുമെന്നാണ് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ മെയിന്റനൻസ്, തുടർന്നുള്ള ഉപയോഗം എന്നിവ കണക്കിലെടുത്ത് സ്റ്റേഡിയം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതാണ് അഭികാമ്യമെന്ന് വിലയിരുത്തിയ സമിതി, പതിനഞ്ച് വർഷങ്ങൾക്കു ശേഷം പ്രസ്തുത സ്റ്റേഡിയം യൂണിവേഴ്സിറ്റിക്ക് കൈമാറുന്ന വിഷയം പുനഃപരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

9. കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നും എന്നാൽ ഇതിന് ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ലെന്നും സന്ദർശനത്തിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. ഈ വിഷയം ദേശീയപാത അധികൃതരുമായി അടിയന്തരമായി ചർച്ച ചെയ്ത് ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോമ്പൗണ്ടിൽ നിർമ്മിക്കുന്ന ഷൂട്ടിംഗ് റേഞ്ചിന്റെ നിർമ്മാണം പൂർത്തിയായാൽ ഇന്ത്യയിലെ ഏറ്റവും നല്ല ഷൂട്ടിംഗ് റേഞ്ചായിരിക്കും അതെന്ന് സമിതി വിലയിരുത്തി. അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മാണം നടക്കുന്ന ഈ റേഞ്ചിന്റെ വയറിംഗ് ഉൾപ്പെടെ 85% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതായും ഷൂട്ടിംഗ് നടക്കുമ്പോഴുള്ള പ്രതിധ്വനി ഒഴിവാക്കുന്നതിനുള്ള അക്വിസ്റ്റിക്സ് പാനൽ സ്വിറ്റ്സർലന്റിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നതെന്നും പൈൻ തടിയുടെ ദൗർലഭ്യമുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ഷൂട്ടിംഗ് റേഞ്ചിന്റെ നിർമ്മാണ പ്രവൃത്തികൾ വളരെ സാവധാനത്തിലാണെന്ന് വിലയിരുത്തിയ സമിതി, ഫ്ലോറിംഗിന്റെയും വുഡൻ പാനലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലിക്കാരെ നിയോഗിച്ച് വളരെ വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

11. ഷൂട്ടിംഗ് റേഞ്ചിന്റെ മെയിന്റനൻസിനായി വലിയൊരു തുക ചെലവു വരുമെന്ന് വിലയിരുത്തിയ സമിതി, ദേശീയ ഗെയിംസിനുശേഷം ഷൂട്ടിംഗ് റേഞ്ച് പ്രയോജനപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു ഷൂട്ടിംഗ് അക്കാദമി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അംഗത്വ ഫീസിൽ നിന്നുതന്നെ മെയിന്റനൻസ് തുക കണ്ടെത്തണമെന്നും ശിപാർശ ചെയ്യുന്നു.

12. കുമാരപുരം മെഡിക്കൽ കോളേജ് ഹൈസ്കൂൾ കോമ്പൗണ്ടിലെ ടെന്നീസ് കോർട്ടിന്റെ നിർമ്മാണം നേരിട്ട് വിലയിരുത്തിയ സമിതി, നാല് കോർട്ടുകളുള്ളതിൽ ഒരു കോർട്ട് മാത്രമാണ് ദേശീയ ഗെയിംസ് മത്സരങ്ങൾക്കായി ഉപയോഗിക്കുന്നതെന്നും മറ്റു മൂന്ന് കോർട്ടുകൾ പരിശീലനത്തിന് ഉപയോഗിക്കുവാനാണെന്നും മനസ്സിലാക്കി. മഴമൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കോർട്ടിന് സിന്തറ്റിക് പ്രതലമാണ് വേണ്ടതെന്നും മെറ്റലും ബിറ്റുമിനും ഉപയോഗിച്ച് 3 ഘട്ടമായി തയ്യാറാക്കിയ ഒരു സബ്ബേസിനു മുകളിലാണ് അക്രിലിക് മെറ്റീരിയൽ ഉപയോഗിച്ചു കൊണ്ട് 8 ലെയറുള്ള സിന്തറ്റിക് പ്രതലം തയ്യാറാക്കുന്നതെന്നും ഇതിനായി ഒരു പശ ഇടേണ്ടതുണ്ടെന്നും പശയിൽ വെള്ളം പുരണ്ടാൽ പശ പതഞ്ഞുയരുമെന്നതിനാൽ പശ ഇടുന്നതിനു മുമ്പ് പ്രസ്തുത സ്ഥലം നന്നായി ഉണങ്ങിയിരിക്കണമെന്നും ഇതിനാവശ്യമായ നിർമ്മാണ സാമഗ്രികളുമായി തൊഴിലാളികളും കോൺട്രാക്റ്ററും സ്റ്റേഡിയത്തിനു സമീപത്തുതന്നെ തമ്പടിച്ചിരിക്കുകയാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ടെന്നീസ് കോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അറുപത് ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്ന് വിലയിരുത്തിയ സമിതി, ലാൻഡ് സ്കേപ്പിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 15-ഓടുകൂടി പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

13. സൈക്കിളിംഗ് മത്സരങ്ങൾ നടക്കുന്ന കാര്യവട്ടം എൽ.എൻ.സി.പി.ഇ. വേലോഡ്രോമിന്റെ നിർമ്മാണം സംബന്ധിച്ച പല അപാകതകളും തെളിവെടുപ്പുവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. 333 മീറ്റർ ചുറ്റളവിൽ ഏഴ് ഡിഗ്രി മുതൽ മുപ്പത്തിരണ്ട് ഡിഗ്രി വരെ ചരിവിലാണ് കാര്യവട്ടം എൽ.എൻ.സി.പി.ഇ. കോളേജ് കാമ്പസിലെ സൈക്കിൾ വെലോഡ്രോം നിർമ്മിക്കുന്നത്. 28 പാനലുകളായി തിരിച്ചാണ് ഇവിടം കോൺക്രീറ്റ് നടത്തുന്നത്. ഒരു നിര കോൺക്രീറ്റിനുശേഷം മൂന്നു ദിവസത്തിനുള്ളിൽ അതിനുമീതെ രണ്ടാമത്തെ നിര കോൺക്രീറ്റും തുടർന്ന് 3-4 മണിക്കൂറിനുള്ളിൽ 'Nitoflor Hard Top' എന്ന വസ്തു ഉപയോഗിച്ച് ഫിനിഷിംഗും നടത്തേണ്ട പാനലുകളാണിവ. ഒരു ദിവസം ഒരു പാനലിന്റെ പണി മാത്രമാണ് പൂർത്തിയാകുന്നത്. 12 പാനലിന്റെ ജോലികൾ ഇനിയും പൂർത്തിയാകാനുണ്ട്. വെലോഡ്രോമിന്റെ പണി 40% മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നും ബ്രേക്കില്ലാത്ത സൈക്കിളുകളാണ് ട്രാക്കിൽ ഉപയോഗിക്കുന്നത് എന്നതിനാൽ 333 മീറ്റർ ചുറ്റളവിലുള്ള ട്രാക്കിൽ പല ഭാഗത്തുമുള്ള ബമ്പുകളിൽ സൈക്കിൾ കയറിയാൽ അപകട സാധ്യത ഉണ്ടെന്നും കൂടാതെ സൈക്കിൾ ലാന്റ് ചെയ്യുന്ന സ്ഥലത്തെ പ്രതലവും മുകളിലത്തെ ചരിഞ്ഞ പ്രതലവും രണ്ടു തരത്തിലാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നതെന്നും

ഇത് പന്ത്രണ്ടു ലക്ഷം രൂപ വരെ വിലയുള്ള സൈക്കിളുകളുടെ ടയറുകൾക്ക് വൻ തേയ്മാനവും അത്‌ലറ്റുകൾക്ക് അപകടവുമുണ്ടാക്കുമെന്നും സമിതിക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ സമിതി ഈ സ്ഥലം നേരിൽ സന്ദർശിച്ചു. പ്രസ്തുത വെലോഡ്രോമിൽ വച്ച് നടക്കുന്ന സൈക്കിളിംഗ് നാഷണൽ ട്രയൽ ഗെയിമിനു മുമ്പുതന്നെ വെലോഡ്രോമിന്റെ നിർമ്മാണച്ചുമതലയുള്ള ബന്ധപ്പെട്ടവരുമായി അടിയന്തര ചർച്ച നടത്തി ട്രാക്ക് പരിശോധിച്ച് അപാകത പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ട്രാപ്പ് ആന്റ് സ്കീറ്റ് എന്ന ഷൂട്ടിംഗ് ഇനത്തിനായി തൃശ്ശൂർ പോലീസ് അക്കാദമിയിൽ നിർമ്മിക്കുന്ന 3 ഷൂട്ടിംഗ് റേഞ്ചുകളിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം 50% പൂർത്തിയായതായും മൂന്നാമത്തെ റേഞ്ച് നിർമ്മിക്കുന്ന സ്ഥലത്ത് മണ്ണിനടിയിലെ പാറ പണിക്ക് തടസ്സം സൃഷ്ടിക്കുന്നതായും മനസ്സിലാക്കിയ സമിതി അടിയന്തരമായി പാറ പൊട്ടിച്ച് മാറ്റി ഷൂട്ടിംഗ് റേഞ്ചിന്റെ പണി 2014 ഡിസംബർ 31-നു മുമ്പ് പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

15. കൊല്ലം ആശ്രാമം മൈതാനത്താണ് ഹോക്കി മത്സരങ്ങൾക്കായി പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നത്. ഈ സ്റ്റേഡിയത്തിന്റെ ആസ്ട്രോ ടർഫ് പ്രതലത്തിന്റെ പണി, വാം അപ് ഗ്രൗണ്ടായ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ അത്‌ലറ്റിക് ട്രാക്കിന്റെ പണി എന്നിവയ്ക്ക് മഴമൂലം തടസ്സം നേരിടുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത സ്റ്റേഡിയങ്ങളുടെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. വനിതാ ഫുട്ബോൾ നടത്തുന്നതിനായി തൃശ്ശൂരിലെ സ്റ്റേഡിയം നവീകരിച്ചതുമൂലം അത്‌ലറ്റിക് ട്രാക്ക് നഷ്ടപ്പെട്ടതായുള്ള പരാതി പരിശോധിച്ച സമിതി ദേശീയ ഗെയിംസിനു ശേഷം അത്‌ലറ്റിക് മത്സരങ്ങൾക്കുകൂടി ഉപയുക്തമാകുന്ന തരത്തിൽ ട്രാക്ക് ക്രമീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

17. ഖോ-ഖോ, കബഡി എന്നീ മത്സരങ്ങൾ നടക്കുന്ന ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഫുട്ബോൾ ഗ്രൗണ്ടും അത്‌ലറ്റിക് ട്രാക്കും ഇൻഡോർ ഹാളുമാണുള്ളതെന്നും സ്പോർട്സ് കൗൺസിൽ തുടങ്ങിവച്ച ഇതിന്റെ പണി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റാണ് പൂർത്തിയാക്കിയിരിക്കുന്നതെന്നും ഈ സ്റ്റേഡിയത്തിൽ ഗാലറി ഔട്ട്സൈഡിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഖോ-ഖോ, കബഡി മത്സരങ്ങൾ ക്ലോസ്ഡ് ആയ ഗ്രൗണ്ടിലാണ് നടത്തുന്നതെന്നതിനാൽ 2000 പേർക്ക് ഇരിക്കാവുന്ന ഗ്യാലറി താൽക്കാലികമായി ആ ഗ്രൗണ്ടിൽ നിർമ്മിക്കേണ്ടതുണ്ടെന്നും ഇതിനായി ടെണ്ടർ നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സ്റ്റേഡിയത്തിന്റെ പരിസരം വൃത്തിഹീനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ട സമിതി, ഈ സ്റ്റേഡിയത്തിന്റെ പരിസരം വൃത്തിയാക്കി ഗ്രൗണ്ട് നിരപ്പാക്കണമെന്നും ഓരോ ഹോർഡിംഗ് വച്ച് പരസ്യം നല്കണമെന്നും ശിപാർശ ചെയ്യുന്നു.

18. വോളിബോൾ മത്സരങ്ങൾ നടക്കുന്ന കോഴിക്കോട് വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ പത്ത് ഷട്ടിൽ കോർട്ടുകളുണ്ടെന്നും വോളിബോൾ പോസ്റ്റ് ഇതുവരെ അവിടെ സ്ഥാപിച്ചിട്ടില്ലെന്നും നിരീക്ഷിച്ച സമിതി, എത്രയും വേഗം കോഴിക്കോട് സ്റ്റേഡിയത്തിൽ വോളിബോൾ പോസ്റ്റ് സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

19. ഹോക്കിക്ക് പല സ്പോർട്സ് അസോസിയേഷനുകളുണ്ടെന്നും അവ തമ്മിൽ തർക്കങ്ങളുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഹോക്കി അസോസിയേഷനുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിക്കുന്നതിനായി ഏറ്റവും മികച്ച ഹോക്കി ടീമിനെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി താരങ്ങളെ കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ഗെയിംസിൽ പങ്കെടുപ്പിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചു വരുന്നുണ്ടെങ്കിലും പല കായികതാരങ്ങൾക്കും ഇതിനാവശ്യമായ എൻ.ഒ.സി.യും ലീവും ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി മനസ്സിലാക്കിയ സമിതി, അവർക്ക് എൻ.ഒ.സി.യും ലീവും ലഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

21. ദേശീയ ഗെയിംസിൽ വോളന്റിയർമാരായി സ്കൂൾ/ഹയർ സെക്കന്ററി/ കോളേജ് വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് അവരിൽ സാമൂഹ്യ പ്രതിബദ്ധതയും കായികാഭിരുചിയും വളർത്തുന്നതിനും ഗെയിംസിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിനും സഹായകരമാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഗെയിംസിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ദേശീയ ഗെയിംസിൽ വോളന്റിയർമാരായി പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. 35-ാം ദേശീയ ഗെയിംസിലെ സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കണമെന്നുള്ള സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ സർക്കാർ നടപ്പാക്കുകയുണ്ടായി. എന്നാൽ തമിഴ്നാട്, പഞ്ചാബ്, ഹരിയാന, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ പത്തു ലക്ഷം രൂപ വരെ പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ, കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്നവർക്ക് യഥാക്രമം പത്തു ലക്ഷം, അഞ്ച് ലക്ഷം, മൂന്ന് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ദേശീയ ഗെയിംസിൽ സ്വർണ്ണം/വെള്ളി/വെങ്കലം എന്നിവ നേടുന്ന ടീമുകളുടെ (റിലെ ഉൾപ്പെടെ) കോച്ചുമാർക്ക് യഥാക്രമം 1 ലക്ഷം/75,000/50,000 രൂപ എന്ന ക്രമത്തിലും മാനേജർമാർക്ക് 50,000/25,000/10,000 എന്ന ക്രമത്തിലും പാരിതോഷികം നൽകണമെന്ന് സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്ന സർക്കാർ മറുപടി പരിഗണിച്ച സമിതി സ്പോർട്സ് താരങ്ങളെയും ടീമുകളെയും പ്രഗത്ഭരാക്കുന്നതിൽ കോച്ചുകൾ നിർണ്ണായ പങ്കാണ് വഹിക്കുന്നതെന്നും, ആയതിനാൽ സമ്മാനാർഹരായ ടീമുകളുടെ കോച്ചുമാർ, മാനേജർമാർ എന്നിവർക്കും സമിതി നിർദ്ദേശിച്ച പാരിതോഷികം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

24. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന അത്‌ലറ്റുകൾക്കും മറ്റു ബന്ധപ്പെട്ടവർക്കും ഭക്ഷണമൊരുക്കുന്നതിനായി ഗെയിംസ് വില്ലേജിൽ താല്ക്കാലിക ഷെഡ്ഡുകൾ നിർമ്മിക്കുമെന്ന് സന്ദർശന വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നവർക്ക് മെച്ചപ്പെട്ട ഭക്ഷണം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ഗെയിംസിനുവേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനായി ഗ്ലോബൽ ടെണ്ടറും നാഷണൽ ടെണ്ടറുമുണ്ട്. ദേശീയ ഗെയിംസിനായി 45-50 കോടി രൂപയുടെ ഉപകരണങ്ങൾ വേണ്ടി വരുമെന്നും ഡിസംബറിൽ ഇന്റർനാഷണൽ സപ്ലയേഴ്സിന് അവധിയായതിനാൽ അന്താരാഷ്ട്ര ബിഡ്സ് അതിനകം തന്നെ ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ടെണ്ടറിംഗും റീ-ടെണ്ടറിംഗുമായി ദേശീയ ബിഡ്സ് വിവിധ ഘട്ടങ്ങളിലാണെന്നും പല സാധനങ്ങൾക്കും സപ്ലൈ ഓർഡർ നല്കിയതായും മനസ്സിലാക്കിയ സമിതി, ടെണ്ടർ നടപടികൾ സുതാര്യമാക്കി ഈ സാധനങ്ങൾ അടിയന്തരമായി 2015 ജനുവരി 1-നു മുൻപ് വാങ്ങണമെന്നും അവയുടെ ഗുണമേന്മ ഉറപ്പുവരുത്തണമെന്നും ശിപാർശ ചെയ്യുന്നു.

26. ദേശീയ ഗെയിംസിനെക്കുറിച്ച് മാധ്യമങ്ങളിൽ കൂടുതൽ വാർത്ത നല്കണമെന്നും ഇതിനായി വീഡിയോ കവറേജുകൂടി കൊടുക്കുന്നത് നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗെയിംസിനെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാക്കണമെന്നും ജനങ്ങൾ ദേശീയ ഗെയിംസിനായി ആകാംക്ഷയോടെ കാത്തിരിക്കുന്ന രീതിയിലുള്ള പ്രചാരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ജില്ലാ കളക്ടർമാർ ജനറൽ കൺവീനർമാരായുള്ള ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾ സജീവമാകുന്നതേയുള്ളൂ എന്നും ഇവയുടെ സബ് കമ്മിറ്റികളിലൊന്നും സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തകരെ ഉൾപ്പെടുത്തിയിട്ടില്ല എന്നും തെളിവെടുപ്പു വേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രാദേശിക സമിതികൾ രൂപീകരിച്ച്

അവർക്ക് മതിയായ ഫണ്ട് കൊടുത്താൽ പ്രചാരണത്തിന്റെ കാര്യത്തിൽ അവർക്കു തന്നെ കുറേ കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്നും ഓരോ സ്റ്റേഡിയത്തിൽ വച്ചും വെന്യൂ ഡിക്ലറേഷൻ നടത്തണമെന്നും ഇതിനെക്കുറിച്ചുള്ള വാർത്ത മാധ്യമങ്ങളിൽ കൊടുക്കണമെന്നും ഗെയിംസിന്റെ പ്രചാരണത്തിന് ഒരു നല്ല പബ്ലിക് റിലേഷൻസ് ഏജൻസിയെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. ദേശീയ ഗെയിംസിന്റെ പ്രചാരണ പ്രവർത്തനങ്ങൾ തീർത്തും അപര്യാപ്തമാണെന്നും തദ്ദേശവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിനായി 2015 ജനവരി ആദ്യവാരം കേരളമൊട്ടാകെ ഒരു ദിവസം ഒരേ സമയം ഒരു കോടി ജനം പങ്കെടുക്കുന്ന 'റൺ കേരള റൺ' എന്ന ഒരു പരിപാടി സംഘടിപ്പിക്കുന്നതായും ഇതിനായി കേരളമൊട്ടാകെ 7000 പോയിന്റുകൾ കണ്ടെത്തി ഓരോ പോയിന്റിലും 200-800 മീറ്റർ വരെ കൂട്ടയോട്ടം നടത്തുകയും കൂട്ടയോട്ടം അവസാനിക്കുന്ന സ്ഥലത്ത് സ്പോർട്സ് സംബന്ധിച്ച ഒരു പ്രതിജ്ഞ എടുക്കുകയും ചെയ്യുമെന്നും 'മലയാള മനോരമ' എന്ന കമ്പനിയാണ് ഇതിന്റെ ടെണ്ടർ എടുത്തിരിക്കുന്നതെന്നും സമിതി മനസ്സിലാക്കി. 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പരിപാടിയിൽ അതാത് സ്ഥലങ്ങളിലെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി ഈ പരിപാടി ഒരു വലിയ വിജയമാക്കിത്തീർക്കണമെന്നും ദേശീയ ഗെയിംസിന്റെ ഗുഡ്‌വിൽ അംബാസഡറായ സച്ചിൻ ടെൻഡുൽക്കറെ ഇതിൽ പങ്കെടുപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ദേശീയ ഗെയിംസിന് 50 ദിവസം മുമ്പെങ്കിലും പത്രങ്ങളിൽ ദിവസേന കൗണ്ട് ഡൗൺ പോലെ കൊടുക്കണമെന്നും സച്ചിൻ ടെണ്ടുൽക്കറിന്റെ ഫോട്ടോ ഉൾപ്പെടുന്ന നിരവധി ഹോർഡിംഗുകൾ വയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. ജില്ലാ തലത്തിൽ പ്രചരണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 20,000 രൂപയിൽ അധികരിക്കാത്ത തുക ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റിക്ക് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നമായ 'അമ്മു' വേഴാമ്പലിനെ സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന 'അമ്മു അറ്റ് സ്കൂൾ' എന്ന പരിപാടി ദേശീയ ഗെയിംസിന്റെ പ്രചാരണത്തിന് ഉതകുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതു കൂടാതെ ഫ്ലാഷ് മോബ്, കുട്ടികൾക്കായുള്ള വിവിധ മത്സരങ്ങൾ, കേരളം മുഴുവൻ ഉൾപ്പെടത്തക്കവിധം ഒരു 'ടോർച്ച് റിലേ' തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഗെയിംസിന്റെ പ്രിൻസിപ്പൽ ബ്രോഡ്കാസ്റ്റിംഗ് അധികാരം ദൂരദർശനാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിക്കുകയുണ്ടായി. ദൂരദർശനോടൊപ്പം മറ്റ് പ്രമുഖ സ്പോർട്സ് ചാനലുകളിലും ദേശീയ ഗെയിംസ് മത്സരങ്ങൾ തത്സമയം സംപ്രേഷണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ശ്രീ. ടി. കെ. രാജീവ് കുമാർ സംവിധാനം ചെയ്യുന്ന കലാപരിപാടികൾ ഉദ്ഘാടന/സമാപന ചടങ്ങുകളെ ആകർഷകമാക്കുമെന്നും ശ്രീ. എ. ആർ. റഹ്മാന്റെ സാന്നിദ്ധ്യം കാണികൾക്ക് ആവേശം പകരുമെന്നും അഭിപ്രായപ്പെട്ട സമിതി, ദേശീയ ഗെയിംസിനുവേണ്ടി പത്മശ്രീ ഹരിഹരൻ ഒരുക്കുന്ന തീം സോംഗ് ജനുവരി ആദ്യവാരം തന്നെ റിലീസ് ചെയ്യണമെന്നും ഇത് ദേശിയ ഗെയിംസ് ജനകീയമാക്കുന്നതിന് വളരെ ഉപകരിക്കുമെന്നും എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും ഇത് ദിവസേന പലതവണ സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

34. ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 2011-ൽ 611.33 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 4 വർഷങ്ങൾകൊണ്ട് സ്പോർട്സ് സാമഗ്രികൾക്കും ഗതാഗതത്തിനും ഭക്ഷണത്തിനും സർവ്വീസ് മേഖലയിലും ഉണ്ടായ വർദ്ധിച്ച ചെലവുകൾ പരിഗണിച്ച് കൂടുതൽ തുക ആവശ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ മുൻപ് നിശ്ചയിച്ചതിൽ നിന്നും 60 കോടി രൂപ കൂടി അധികമായി 2014 ഡിസംബറിൽത്തന്നെ ദേശീയ ഗെയിംസിനായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ദേശീയ ഗെയിംസിന്റെ പല വേദികളിലും ലാന്റ് സ്കേപ്പിംഗ്, പൂന്തോട്ടം, പുൽത്തകിടി തുടങ്ങിയവയ്ക്കായി പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനെ ചുമതലപ്പെടുത്തിയതായി സമിതി മനസ്സിലാക്കി. ഗെയിംസിനോടനുബന്ധിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ ഗെയിംസിന്റെ പരസ്യങ്ങൾ നൽകണമെന്നും മാലിന്യ സംസ്കരണത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. 35-ാമത് ദേശീയ ഗെയിംസിനായി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ സ്ഥിരമായി പ്രസ്തുത ഗെയിംസുകൾക്കായി ഉപയോഗിക്കണമെന്നും അവയുടെ അറ്റകുറ്റപ്പണികൾക്കായി ഒരു നിശ്ചിത തുക എല്ലാ വർഷവും ബജറ്റിൽ വകയിരുത്തണമെന്നും അവയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഇവയുടെ അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കണമെന്നും ഇതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്നും ഇത് മോണിറ്റർ ചെയ്യുന്നതിന് കായിക വകുപ്പിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണമെന്നും സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിച്ച് നടപടി

സ്വീകരിക്കുന്നതാണെന്നുള്ള മറുപടിയാണ് സമിതിക്ക് ലഭിച്ചത്. സർക്കാർ ഇക്കാര്യത്തിൽ ഉദാസീനത പുലർത്തരുതെന്നും കോടികൾ ചെലവഴിച്ച് നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ നടത്തിയ സ്റ്റേഡിയങ്ങൾ ഭാവിയിലും പ്രയോജനപ്പെടുത്തക്കവിധം സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. കേരളത്തിൽ നടക്കാൻ പോകുന്ന ദേശീയ ഗെയിംസിന് ഇനി പരിമിതമായ ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലും കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിലും പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലും കായിക ഉപകരണങ്ങൾ വാങ്ങുന്നതിലും ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ടിൽ നല്കിയ ശിപാർശകളിൽ ഇനിയും നടപ്പാക്കാത്തവ വളരെ വേഗം നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനുവേണ്ടി രൂപം കൊടുത്ത വിവിധ സമിതികൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിച്ച് 35-ാം ദേശീയ ഗെയിംസ് കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം, കഴിഞ്ഞ ദേശീയ ഗെയിംസിൽ 6-ാം സ്ഥാനമാണ് നമുക്ക് നേടാനായതെങ്കിൽ ഇപ്രാവശ്യം ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്ന നിലയിലേക്ക് കേരളത്തിന് ഉയരാൻ സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ഡിസംബർ 10.

**ജോസഫ് വാഴയ്ക്കൻ,**
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*